ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി)വിഴിഞ്ഞം സെക്ഷനിൽ ഇപ്പോൾ ലഭിച്ചിട്ടുള്ള ഇലക്ട്രോണിക് മീറ്ററുകൾ കറന്റ് കപ്പാസിറ്റി കുറവായതിനാൽ ഐസ് പ്ലാന്റുകളിൽ സ്ഥാപിച്ചിട്ടില്ല. കപ്പാസിറ്റി കൂടിയ മീറ്ററുകൾ കിട്ടുന്ന മുറയ്ക്ക് എല്ലാ ഐസ് പ്ലാന്റുകളിലും മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

112 (1021) പള്ളിക്കരയിൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം

ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കരയിൽ സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി)സർക്കാർ പ്രഖ്യാപിച്ച പുതിയ പവർ പോളിസി നടപ്പാക്കി കഴിഞ്ഞ ശേഷം പുതിയ ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

113 (1022) കായംകുളത്ത് വൈദ്യുതി ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ നടപടി

ശ്രീ.ജി. സുധാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ സാമീപ്യവും 110 കെ.വി. സബ് സ്റ്റേഷന്റെ പ്രാധാന്യവും കണക്കിലെടുത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) കായംകുളത്ത് ഒരു സർക്കിൾ ഓഫീസ് ആരംഭിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദവിവരങ്ങളും സ്വീകരിച്ച മേൽ നടപടികളും വ്യക്തമാക്കുമോ;

(ഡി) കായംകുളത്തെ ഒരു ഡിവിഷനായി ഉയർത്തുന്നതിന് ആവശ്യമായ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly